"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2024-25 - മലപ്പുറം ജില്ലയിലെ മഞ്ചേരി വില്ലേജ് ഓഫീസ് ശുചിമുറി നിർമ്മാണം, കബോർഡ് തിരിച്ചുള്ള ഇന്റീരിയർ വർക്ക് എന്ന പ്രവൃത്തിയ്ക്ക് DSoR 2021 പ്രകാരമുള്ള എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.738/2026/RD    തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 27.03.2025 തീയതിയിലെ സ.ഉ.(സാധാ) നം.758/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 11.04.2025 തീയതിയിലെ സ.ഉ.(അച്ചടി) നം.48/2025/ധന നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 09.02.2026 തീയതിയിലെ LR/8656/2024-LR(M5) നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ വിവിധ വില്ലേജ് ഓഫീസുകളുടെ നവീകരണ പ്രവൃത്തികൾക്ക് പരാമർശം 2 പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ഇതുവരെ ഫണ്ട് ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്തതാണെന്നും 2025 ഏപ്രിൽ മുതൽ പുതുക്കിയ DSoR(2021) നിരക്കുകൾ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി മലപ്പുറം ജില്ലയിലെ മഞ്ചേരി വില്ലേജ് ഓഫീസ് ശുചിമുറി നിർമ്മാണം, കബോർഡ് തിരിച്ചുള്ള ഇന്റീരിയർ വർക്ക് എന്ന പ്രവൃത്തിയ്ക്ക് 2021-ലെ DSoR പ്രകാരമുള്ള 6,20,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മലപ്പുറം ജില്ലാ കളക്ടറുടെ ശിപാർശയോടെ പരാമർശം 3-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത മലപ്പുറം ജില്ലയിലെ മഞ്ചേരി വില്ലേജ് ഓഫീസ് ശുചിമുറി നിർമ്മാണം, കബോർഡ് തിരിച്ചുള്ള ഇന്റീരിയർ വർക്ക് എന്ന പ്രവൃത്തിയ്ക്ക് 2021-ലെ DSoR പ്രകാരമുള്ള 6,20,000/- രൂപയുടെ (ആറു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, വെബ് & ന്യൂ മീഡിയ വിഭാഗം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 15-03-2026 16:55:03